**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5336** **21-03-2025 - ൽ മറുപടിയ്ക്ക്**

**എം.വി.ഡി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ക്യാമറ ഉപയോഗിച്ച് ഹെൽമെറ്റും സീറ്റ് ബെൽറ്റും ഉപയോഗിക്കാത്തത് പോലുള്ള നിയമലംഘനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് വേണ്ടവിധം ഉപയോഗപ്പെടുത്താത്തതും മൂലം മറ്റു തരത്തിലുള്ള നിയമലംഘനങ്ങൾ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കുന്നുണ്ട്; | (എ) | ക്യാമറ ഉപയോഗിച്ച് പ്രധാനമായും ഹെൽമെറ്റ് സീറ്റ് ബെൽറ്റ് ഇവ ഉപയോഗിക്കാത്തത് പോലുള്ള നിയമലംഘനങ്ങളാണ് കണ്ട് പിടിക്കുന്നത് എന്നാൽ ആർ ടി ഒ (എൻഫോഴ്സ്മെന്റ്) വിഭാഗം ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം മറ്റ് നിയമ ലംഘനങ്ങളും കണ്ടെത്തുന്നുണ്ട്. ആയതിനാൽ എല്ലാത്തരത്തിലുള്ള നിയമ ലംഘനങ്ങളും നിലവിൽ കണ്ടെത്തുകയും നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ ക്രമാതീതമായി വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ദേശീയ പാതാ ഗതാഗത സുരക്ഷക്കായി പ്രത്യേക എം.വി.ഡി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ? | (ബി) | ദേശീയപാതാ ഗതാഗത സുരക്ഷയ്ക്കായി പ്രത്യേക എം. വി. ഡി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ